ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം തൈക്കാട് തിരുവനന്തപുരം -14

ഇ മെയിൽ: director.ims@kerala.gov.in
വെബ്സൈറ്റ് :www.ims.kerala.gov.in

ഫോൺ നം.04712323960

നമ്പർ.D3-11671/2020/DIMS

തീയതി: 27.04.2022

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ഇ.മെ.സ.വകുപ്പ്-അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോക്ടർ വിനീത് ഏബ്രഹാമിനെതിരായ അച്ചടക്ക നടപടി -രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തിൽ തടയുന്ന ശിക്ഷ തീരുമാനിച്ച് കൊണ്ടുള്ള താൽക്കാലിക തീരുമാനം അറിയിക്കുന്നത് സംബന്ധിച്ച് -

സൂചന:1) 22.05.2020 തീയതിയിലെ ഇ 1-7601/2020/DIMS നം. മെമ്മോ
2) മധ്യ മേഖല ആർ.ഡി.ഡി.യുടെ 26.04.2020-ലെ ഇ 1- 3443/2020/RDD CZ നം. കത്ത്
3) 05.10.2020 തീയതിയിലെ ഇതേ നമ്പർ മെമ്മോ
4) 20.04.2021 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രം
5) 30.04.2021-ലെ ഡോ. വിനീത് എബ്രഹാമിന്റെ പ്രതിവാദ പത്രിക
6) 28.01.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
7) ഔപചാരിക അന്വേഷണ റിപ്പോർട്ട് തീയതി,20.04.2022.

1. ചേർത്തലഇ എസ് ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോക്ടർ വിനീത് 20.03.2020 മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിന്നതിനെ തുടർന്ന് ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും മേൽസൂചന 4 പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു. ഔപചാരിക അന്വേഷണ നടപടികൾ നടന്നു വരുന്നതിനിടെ ടി.ജീവനക്കാരനെ മേൽസൂചന 6 പ്രകാരം അച്ചടക്ക നടപടികൾ നില നിർത്തിക്കൊണ്ട് സർവീസിൽ പുനഃപ്രവേശിപ്പിക്കുകയുണ്ടായി.

2.താഴെപറയുന്ന കുറ്റങ്ങളാണ് ഡോക്ടർ വിനീത് ഏബ്രഹാമിനെതിരെ ചുമത്തുകയുണ്ടായത്:

i .ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ 28 11 2019 ൽ ജോലിയിൽ പ്രവേശിച്ച ഡോക്ടർ വിനീത് എബ്രഹാം എന്ന താങ്കൾ 20 03 2020 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്നു.

ii .20 03 2020 മുതൽ ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കളോട് ഉടനടി ജോലിയിൽ പ്രവേശിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടു മെമ്മോ നല്കിയിട്ടും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല.ആയതിനാൽ വകുപ്പ് മേധാവിയുടെ നിർദേശം പാലിക്കാത്തതിലൂടെ താങ്കൾ ഗുരുതര അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

iii .ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പുൾപ്പെടെ കേരളത്തിലെ എല്ലാ വകുപ്പുകളും സംസ്ഥാന സർക്കാരിന്റെ ദിനംപ്രതിയുള്ള നിർദേശാനുസരണം കോവിഡ് 19 മഹാമാരി നിയന്ത്രിക്കുന്നതിനുള്ള അശ്രാന്ത പരിശ്രമത്തിന്റെ ഭാഗമായാണ് താങ്കളെ പത്തിയൂർ ഇ എസ് ഐ ഡിസ്പെന്സറിയിൽ സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയമിക്കുകയുണ്ടായത്.ടി.അടിയന്തിര സാഹചര്യത്തിൽ മേലധികാരികളുടെയും വകുപ്പ് മേധാവിയുടെയും സർക്കാരിന്റെയും ഉത്തരവുകൾ അനുസരിക്കാതെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുക വഴി സർവീസിൽ നിന്ന് നീക്കം ചെയ്യപ്പെടാവുന്ന കുറ്റം ചെയ്തിരിക്കുന്നു.

iv .പ്രൊബേഷൻ പോലും പൂർത്തികരിച്ചിട്ടില്ലാത്ത താങ്കൾ അനധികൃത ഹാജരില്ലായ്മയും ,മേലധികാരികളെ ധിക്കരിക്കുക ,പൊതുതാൽപ്പര്യാർത്ഥം പ്രവർത്തിക്കാതിരിക്കുക ആദിയായ അച്ചടക്ക ലംഘനങ്ങൾ നടത്തിയതുമൂലം 1958 ലെ സബോർഡിനേറ്റ് സർവീസ് റൂൾ പ്രകാരവും സർവീസിൽ നിന്ന് നീക്കം ചെയ്യാവുന്ന കുറ്റം ചെയ്തിരിക്കുന്നു.

3. കുറ്റപത്രത്തിന് ഡോക്ടർ വിനീത് എബ്രഹാം മേൽസൂചന 5 പ്രകാരം നൽകിയ പ്രതിവാദ പത്രിക തൃപ്തികരമല്ലാത്ത സാഹചര്യത്തിലാണ് റൂൾ 15 ഔപചാരിക അന്വേഷണം നടത്തുകയുണ്ടായത്. അച്ചടക്ക

നടപടികൾ നടന്നു വരവേ ടി.ഡോക്ടർ വിനീത് അബ്രഹാമിന്റെ അപേക്ഷ പരിഗണിച്ച് അച്ചടക്ക നടപടികൾ നിലനിർത്തിക്കൊണ്ട് മേൽസൂചന 6 പ്രകാരം തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അനുവദിക്കുകയും 03.08.2021 ന് രാവിലെ ചേർത്തല ഇ എസ് ഐ ഡിസ്പെൻസറിയിൽ ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു..ടി.അന്വേഷണത്തിന്റെ ഭാഗമായി മധ്യ മേഖല R D D യുടെ റിപ്പോർട്ടുൾപ്പെടെയുള്ള രേഖകൾ പരിശോധിക്കുകയും കുറ്റാരോപിതന്റെ മൊഴി കൂടാതെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോക്ടർ അഗസ്റ്റ്യൻ ,ആക്സിലറി നേഴ്സ് മിഡ്‌വൈഫ് ശ്രീമതി കവിത ,ഫാർമസിസ്റ്റ് ശ്രീമതി ബിന്ദു എന്നിവരുടെയും മൊഴികൾ രേഖപ്പെടുത്തുകയുമുണ്ടായി.

4.20 .03 .2020 മുതൽ ജോലിചെയ്തു വന്നിരുന്ന ചേർത്തല ഇ എസ് ഐ ഡിസ്പെൻസറിയിലോ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയമിച്ചിരുന്ന പത്തിയൂർ ഡിസ്പെൻസറിയിലോ ജോലിക്കു ഹാജരാകാതിരുന്നത് കുറ്റകരമായ പ്രവൃത്തിയാണെന്നും ,ഫോർമൽ അപേക്ഷ നൽകാൻ കഴിഞ്ഞിരുന്നില്ലയെന്നും ഫോൺ മുഖാന്തരം ചേർത്തല ഐ എം ഓ യെയും പത്തിയൂർ ഐ എം ഓ യെയും താൻ അവധിയിൽ പ്രവേശിച്ചതായി അറിയിച്ചിരിന്നുവെന്നും ഡോക്ടർ വിനീത് എബ്രഹാം തന്റെ മൊഴിയിലൂടെ അറിയിക്കുകയുണ്ടായി.അനധികൃത ഹാജരില്ലായ്മയ്ക്ക് വകുപ്പ് മേധാവി നൽകിയ മെമ്മോയ്ക്കു മറുപടിയും ചികിത്സാ രേഖകളുമാണ് നല്കിയിരുന്നതെന്നും ലീവ് അപേക്ഷ നല്കിയിരുന്നില്ലയെന്നും 2016 വർഷത്തെ മെഡിക്കൽ സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കിയതെന്നും ഡോക്ടർ വിനീത് എബ്രഹാം അറിയിക്കുകയുണ്ടായി.വകുപ്പ് മേധാവി നൽകിയ മെമ്മോയിലെ നിർദേശപ്രകാരം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി ചേർത്തല ഇ എസ് ഐ യിൽ ഹാജരാവുകയുണ്ടായെങ്കിലും റെഗുലറായി ജോലിക്കു ഹാജരാകാൻ കഴിയുന്നില്ലെങ്കിൽ ലീവെടുക്കുന്നതാവും ഉചിതമെന്ന ഐ എം ഓ യുടെ ഉപദേശം സ്വീകരിച്ചു ജോലിയിൽ തിരികെ പ്രവേശിക്കാതെ മടങ്ങിപ്പോവുകയാണുണ്ടായത്എന്നും 13 .10 .20 നാണ് താൻ ലീവ് അപേക്ഷകൾ സമർപ്പിച്ചതെന്നും 20 .03 .2020 മുതൽ രണ്ടാഴ്ചത്തേയ്ക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലീവിനൊപ്പം ഉൾപ്പെടുത്തിയിരുന്നെന്നും 13 10 21 മുതലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തപാലിൽ അയച്ചതായും ഡോക്ടർ വിനീത് എബ്രഹാം അറിയിച്ചു.വീണ്ടും 27 01 2021 മുതൽ 27 07 2021 വരെ ഒരു ലീവപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്താതെ വകുപ്പ് മേധാവിക്ക് അയച്ചിരുന്നതായും തുടർന്നാണ് തനിക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും കുറ്റപത്രം നല്കുകയുണ്ടായതെന്നും കുറ്റപത്രത്തിനു താൻ യഥാ സമയം മറുപടി നൽകിയിരുന്നുവെന്നും ഡോക്ടർ വിനീത് മൊഴി നൽകി.തന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന തന്റെ അപേക്ഷ പരിഗണിച്ചു വകുപ്പുമേധാവി അച്ചടക്ക നടപടികൾ നിലനിർത്തിക്കൊണ്ടു തിരികെ ജോലിയിൽ പ്രവേശിക്കാനനുവദിച്ചു ഉത്തരവാകുകയും 03 08 2021 ന്  ചേർത്തല ഇ എസ് ഐ ഡി യിൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

5.താൻ സമർപ്പിച്ച ലീവ് അപേക്ഷകളിലെ പോരായ്മകൾ പരിഹരിച്ചു തിരികെ സമർപ്പിക്കാൻ വകുപ്പ് മേധാവി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അതിനു കഴിഞ്ഞില്ലയെന്നും കോവിഡ് കാലത്ത് ഐ പി കൾക്ക് അടിയന്തിര സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പത്തിയൂർ ഇ എസ് ഐ ലേക്ക് നൽകിയിരുന്ന ഡ്യൂട്ടി നിർവഹിക്കാതെ മാറി നിന്നത് തന്നിൽ അർപ്പിതമായ കടമ നിർവഹിക്കാതിരിക്കലുമാണെന്നും തന്റെ ഭാഗത്തു വീഴ്ച വന്നുവെന്നും ഡോക്ടർ വിനീത് സമ്മതിക്കുകയുണ്ടായി .എന്നാൽ ദിവസവും 140 കിലോമീറ്ററോളം സഞ്ചരിച്ചു ജോലിയെടുക്കുന്നതിനുള്ള അസൗകര്യവും ക്രോണിക് സൈനസൈറ്റിസ് രോഗം മൂലമുള്ള ബുദ്ധിമുട്ടും വീട്ടിൽ രണ്ടു വയസിൽ താഴെ പ്രായമുള്ള കുട്ടികളും പ്രായാധിക്യമുള്ള മാത പിതാക്കളുമുള്ളതും കാരണമാണ് താൻ ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്നതിനു കാരണമാക്കിയതെന്നാണ് ഡോക്ടർ വിനീത് മൊഴി നൽകിയിരിക്കുന്നത്.സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയമിച്ച പത്തിയൂർ ഡിസ്‌പെൻസറി ദൂരക്കൂടുതലെങ്കിൽ ചേർത്തല ഡിസ്പെൻസറിയിൽ ഹാജരാവുന്നതിനുപോലും സന്നദ്ധത അറിയിക്കാതിരുന്നത് എന്ത് കൊണ്ടെന്ന ചോദ്യത്തിന് തൻ ഡ്യൂട്ടിയെടുക്കുമ്പോൾ പരിശോധിക്കുന്ന രോഗികളിൽ നിന്ന് തനിക്കും ,തന്നിൽ നിന്നും തന്റെ വീട്ടിലുള്ള കൊച്ചു കുട്ടികൾക്കും പ്രായമായ മാതാപിതാക്കൾക്കും രോഗം വരുമെന്നുള്ള ഭയം കാരണമാണ് ചേർത്തല ഇ എസ് ഐ യിൽ പോലും റിപ്പോർട്ട് ചെയ്യാതിരുന്നതിനു കാരണമായി ഡോക്ടർ വിനീത് അറിയിക്കുകയുണ്ടായത്.2020 മെയ് 25 ന് വകുപ്പ് മേധാവി നൽകിയ മെമ്മോ യ്ക്ക് മറുപടി നൽകിയിരുന്നുവെങ്കിലും തിരികെ ജോലിയിൽ പ്രവേശിക്കാനുള്ള സന്നദ്ധത അറിയിക്കുകയോ ജോലിയിൽ പ്രവേശിക്കാൻ റിപ്പോർട്ട് ചെയ്യുകയോ ഉണ്ടാവാത്തതിന് മേല്പറഞ്ഞതല്ലാതെ മറ്റു കാരണങ്ങളെന്തെങ്കിലുമുണ്ടോയെന്ന ചോദ്യത്തിന് ഡോക്ടർ വിനീത് നൽകിയ മറുപടി മറ്റു കാരണങ്ങളൊന്നുമില്ലെന്നും അനധികൃതമായി ഹാജരാകാതിരുന്ന സമയത്തു കോട്ടയത്തേക്ക് സ്ഥലം മാറ്റത്തിനു അപേക്ഷിച്ചിരുന്നുവെന്നും അത് ശരിയായി വന്നില്ലെന്നുമാണ് .പ്രൊബേഷൻ കാലയളവിൽ അച്ചടക്ക ലംഘനം നടത്തുന്നത് സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് ഇടയാക്കുമെന്ന് അറിയില്ലേയെന്ന ചോദ്യത്തിന് ഭവിഷ്യത്തുകളെ സംബന്ധിച്ച് പൂർണ്ണ ധാരണയുണ്ടായിരുന്നില്ലെന്ന മറുപടിയാണ് നൽകിയിരിക്കുന്നത് .

6.അടിയന്തിര സാഹചര്യത്തിൽ ഡ്യൂട്ടി ചെയ്യാതിരിക്കുക,യഥാസമയം ലീവ് അപേക്ഷകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും സമർപ്പിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങളിൽ തന്റെ ഭാഗത്തു വീഴ്ച സംഭവിച്ചിട്ടുള്ളതായി ഡോക്ടർ വിനീത് തന്റെ മൊഴിയിലൂടെ കുറ്റ സമ്മതം നടത്തുകയും അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നു അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.താൻ മുൻപ് സമർപ്പിച്ച ലീവ് അപേക്ഷകളിലെ അപാകതകൾ പരിഹരിക്കുന്നതിന് അനുവദിക്കണമെന്നും തുടർന്നു തനിക്കെതിരെയുള്ള അച്ചടക്ക നടപടികൾ ഒഴിവാക്കി തരണമെന്നും തന്റെ ഭാഗത്തു നിന്നും ഇനിയൊരിക്കലും വീഴ്ചകളുണ്ടാവുകയില്ലെന്നും ഉറപ്പു നൽകിക്കൊണ്ടാണ് ഡോക്ടർ വിനീത് അബ്രഹാമിന്റെ മൊഴി അവസാനിച്ചിരിക്കുന്നത്.

7.ഡോക്ടർ വിനീത് അബ്രഹാമിന്റെ മൊഴിയിൽ നിന്നും ,ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി പരിശോധിച്ച രേഖകളിൽ നിന്നും,സാക്ഷി മൊഴികളിൽ നിന്നും ഡോക്ടർ വിനീത് എബ്രഹാം അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്നത് നിസംശയം തെളിയിക്കപ്പെട്ടിരിക്കുന്നു.ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പുൾപ്പെടെ കേരള സംസ്ഥാനത്തിലെ എല്ലാ വകുപ്പുകളും സർക്കാരിന്റെ ദിനംപ്രതിയുള്ള നിർദേശാനുസരണം കോവിഡ് 19 മഹാമാരി നിയന്ത്രിക്കുന്നതിനുള്ള അശ്രാന്ത പരിശ്രമം നടത്തിക്കൊണ്ടിരുന്ന അവസരത്തിലാണ് ഡോക്ടർ വിനീത് എബ്രഹാം സർക്കാരിന്റെയും വകുപ്പിന്റെയും മേലധികാരികളുടെയും ഉത്തരവുകൾ നിരന്തരം അനുസരിക്കാതെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്നതെന്നത് അതീവ ഗൗരവതരവും കഠിന ശിക്ഷ അർഹിക്കുന്ന കുറ്റവുമാണ്.

8 ആയതിനാൽ താങ്കളുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞു ശിക്ഷ നൽകുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകമോ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകമോ താങ്കൾക്ക് രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്.അല്ലാത്ത പക്ഷം താങ്കൾക്ക് ഇത് സംബന്ധിച്ച് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്..

ഡോ:എസ് .മാലിനി
ഡയറക്ടർ
ഇൻഷുറൻസ് മെഡിക്കൽ സർവീസസ്

<u>സ്വീകർത്താവ്</u>

ഡോക്ടർ വിനീത് എബ്രഹാം
അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ
ഇ എസ് ഐ ഡിസ്പെൻസറി
ചേർത്തല .(ഐ എം ഒ മുഖാന്തരം ,അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പുകൂടി ഉൾപ്പെടുത്തിയിരിക്കുന്നു.കാരണം കാണിക്കൽ നോട്ടീസിന്റെയും അന്വേഷണ റിപ്പോർട്ടിന്റെയും കയ്പ്പറ്റ് രസീത് ഉടനടി ലഭ്യമാക്കേണ്ടതാണ്.)

<u>പകർപ്പ്</u>

1.ആർ ഡി ഡി ഐ എം എസ് മധ്യ മേഖല എറണാകുളം
2. ഐ എം ഒ ഇ എസ് ഐ ഡിസ്പെൻസറി ചേർത്തല(നോട്ടീസിന്റെ രണ്ടു പകർപ്പുകളും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ഉൾപ്പെടുത്തിയിരിക്കുന്നു.നോട്ടീസിന്റെയും അന്വേഷണ റിപ്പോർട്ടിന്റെയും കയ്പ്പറ്റ് രസീത് ഉടനടി തി രികെ ലഭ്യമാക്കേണ്ടതാണ്.)
3 . E1 സെക്ഷൻ .
4. വെബ്സൈറ്റ് .
5. ഫയൽ